2/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP.264(2)/2021/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 3224/എസ്.ഐ.സി-ജി6/2021)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ശശികുമാർ ജി,
ആർ.റ്റി.ഐ. കേരള ഫെഡറേഷൻ
(സ്റ്റേറ്റ് വൈസ് പ്രസിഡന്റ്)
ദേവരാഗം,
വെസ്റ്റ് ഫോർട്ട്, മാവേലിക്കര - 690 101 } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട്,
   അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം,
   സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
   വനശ്രീ കോംപ്ലക്സ്, ചിന്നക്കട, കൊല്ലം.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,
   സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
   വനശ്രീ കോംപ്ലക്സ്, ചിന്നക്കട, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/10/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30/12/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01/03/2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04/03/2021 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഗിരീഷ് കുമാർ)<br>ഹാജരായി |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ശശികുമാർ ജി 01/03/2021 സമർപ്പിച്ച അപ്പീൽ ഹർജി 04/03/2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 264(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 06/10/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകളാണ് ആവശ്യപ്പെട്ടത്:

1. സോഷ്യൽ ഫോറസ്റ്റ്/ACF ശ്രീ. ഹരിലാൽ പൊതുപണം ഉപയോഗിച്ച വനം വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥനായി നാളിതുവരെ പ്രവർത്തിച്ചിട്ടുണ്ടോ എന്നും
2. ടിയാൻ വനംവകുപ്പിൽ സർവീസ് ആരംഭിച്ചതു മുതൽ നാളിതുവരെ ജോലി ചെയ്ത ഓഫീസുകളും കാലദൈർഘ്യവും സർവീസ് അവസാനിപ്പിക്കുന്ന തീയതിയും രേഖകളുടെ അടിസ്ഥാനത്തിൽ നൽകണമെന്നും
3. ടിയാന്റെ കഴിഞ്ഞ പത്തുവർഷത്തെ ആനുവൽ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റും ഐ.ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളും
4. ടിയാന്റെ Movable and Immovable പ്രോപ്പർട്ടിയുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽ നിന്നും നാളിതുവരെ വാങ്ങിയിട്ടുള്ള അനുമതിയുടെ രേഖകളും മറ്റുമായി 9 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷി 05/11/2020-ൽ ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 05/11/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 30/12/2020 ലെ മറുപടിയിൽ പറഞ്ഞിട്ടുള്ളത് ടിയാന്റെ 06/1/2020-ലെ അപേക്ഷയിലെ 2, 3, 4 ചോദ്യങ്ങൾ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമത്തിലെ സെക്ഷൻ 11 പ്രകാരം മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട് വരുന്നതിനാലും ടിയാനുമായി ബന്ധപ്പെട്ടതൊ, പൊതു താത്പര്യമുള്ള വിവരങ്ങളൊ അല്ല ആവശ്യപ്പെട്ടിരിക്കുന്നതിനാലും വിവരാവകാശ നിയമത്തിലെ സെക്ഷൻ 8 (1) (e), (j) പ്രകാരം ടിയാന് നൽകാൻ നിർവ്വാഹമില്ലെന്ന എസ്.പി.ഐ.ഒ-യുടെ തീരുമാനം ശരിയാണെന്ന്

കാണുന്നതിനാൽ ടിയാന്റെ അപ്പീൽ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നും, ടി അപേക്ഷയിലെ 5, 8 ചോദ്യങ്ങൾ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ബൃഹത്തും പല വർഷങ്ങളിലെ വിവിധ ഫയലുകളുമായി ബന്ധപ്പെട്ട് കിടക്കുന്നതും ക്രോഡീകരിച്ച് നൽകുന്നതിന് വളരെയധികം മനുഷ്യ വിഭവശേഷി ആവശ്യമായതിനാലുമാണ് നേരിട്ട് വന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നതെന്നുമാണ്. ടി ചോദ്യങ്ങൾ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള മൂന്ന് വർഷത്തെ വിവരങ്ങൾ തന്നെ പരിശോധിച്ചതിൽ 1800-ൽ അധികം പേജുകൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും, ആയതിനാൽ അഞ്ച് വർഷത്തെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച നൽകുന്നത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാലും വിവിധ ആവശ്യങ്ങളുമായി ടി ഓഫീസിൽ പൊതു ജനങ്ങൾക്ക് യഥാസമയം സേവം നൽകുന്നതിന് തടസ്സം ഉണ്ടാകുമെന്നതിനാലും അറുപത് വയസ്സ് കഴിഞ്ഞ മുതിർന്ന പൗരനും ശാരീരിക അസുഖങ്ങൾ നേരിടുന്ന വ്യക്തിയുമാണെന്ന് അറിയിച്ചിട്ടുള്ള ടിയാന് വിവരങ്ങൾ പരിശോധിക്കുന്നതിനായി ടിയാന്റെ പ്രതിനിധിയായി ഒരാളെ ചുമതലപ്പെടുത്തി നിയോഗിച്ച് പരിശോധിക്കാവുന്നതും ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ നിയമാനുസരണം നൽകാമെന്നുമാണ്.

5. 08/10/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരന്റെ 06/10/2020-ലെ വിവരാവകാശ അപേക്ഷയ്ക്ക് 05/11/2020-ൽ നൽകിയ മറുപടിയിൽ 2, 3, 4 ചോദ്യങ്ങളുടെയും 5,8 ചോദ്യങ്ങളുടെയും മറുപടിയിന്മേൽ ആക്ഷേപമുന്നയിച്ച് അപ്പീൽ നൽകിയിരുന്നതാണെന്നും, ടി അപ്പീലിന്മേൽ ഒന്നാം അപ്പീൽ അധികാരി 30/12/2020-ൽ മറുപടിയിൽ നൽകിയിട്ടുണ്ട് എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നു. ടിയാന്റെ അപേക്ഷയിലെ 2, 3, 4 ഇനത്തിൽ ആവശ്യപ്പെട്ട വിവരം വ്യക്തിപരമായ വിവരം ആയതിനാൽ അവ നൽകാൻ സാധിക്കുകയില്ല എന്നറിയിച്ചതെന്നും, മറ്റിനങ്ങൾ സംബന്ധിച്ച മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ-യുടെ പേരും വിലാസവും രേഖപ്പെടുത്തിയിട്ടില്ലെന്നും ആയത് പൊതുഭരണ (ഏകോപന) വകുപ്പ് നമ്പർ 77000/സിഡിഎൻ 5/6/പൊ.ഭ.വ തീയതി 30/10/2006-ലെ സർക്കുലർ II-ന് വിരുദ്ധമാണെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 20-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV